


വീട്

എ.എം. ഫൈസൽ

വാഹനം ഗേറ്റിൽ നിന്നും കടന്നു വീടിന്റെ പോർച്ചുവരെ എത്തുന്ന ഭാഗങ്ങളിൽ ഹാർഡ്സ്കേപിംഗ് നൽകാവുന്നതാണ്. നാച്വറൽ സ്റ്റോണുകൊണ്ടോ, ഇന്റർലോക്കിംഗ് ബ്രിക്സ്കൊണ്ടോ ഹാർഡ്സ്കേപിംഗ് ചെയ്യുമ്പോൾ വെള്ളം ഭൂമിയിലേക്ക് ഇറങ്ങാനുള്ള സ്പേസ് കാണേണ്ടത് അത്യാവശ്യമാണ്. വെള്ളം ഇറങ്ങി ചേമ്പർ ഹാളിലൂടെ മഴവെള്ള സ്റ്റോറേജിലേക്ക് വെള്ളം സംഭരിക്കുന്ന രീതിയിലാക്കാം. എൻട്രൻസിൽ വീടിനെ മറക്കാത്ത ചെടികളാണ് വെച്ചുപിടിപ്പിക്കേണ്ടത്. പൊടി അധികംവരുന്ന പ്ലോട്ട് ആണെങ്കിൽ ഗ്രീൻ സ്ക്രീനിംഗ്, വെർട്ടിക്കൽ ഗാർഡൻ ഒക്കെ കൊണ്ടുവരാം.

# ലാൻഡ്സ്കേപ്പിംഗ്



എല്ലാം തികഞ്ഞൊരു വീടാവണമെങ്കിൽ അനുയോജ്യമായ ഒരു ലാൻഡ്സ്കേപ്പിംഗ് അനിവാര്യമായി മാറിയിരിക്കുന്നു ഇന്ന്. മാത്രമല്ല, ഫംഗ്ഷണലായ ഒരു ലാൻഡ്സ്കേപ്പിംഗ് തരുന്ന എനർജി ചെറുതല്ല. വളരെ പ്രത്യാശയുള്ള ഒരു കാര്യമാണ് ഇപ്പോൾ ലാൻഡ്സ്കേപ്പിംഗിന്റെ ഭാഗമായിതന്നെ ഓർഗാനിക് ഫാർമിംഗിനും ഇടംകണ്ടെത്തുന്നുണ്ട്. വീട് പ്ലാൻ ചെയ്യുന്നതിനുമുമ്പ് തന്നെ ലാൻഡ്സ്കേപ്പ് ഡിസൈനും മനസ്സിലുണ്ടാകണം. ഭൂമിയുടെ കിടപ്പിന്റെ താളം മാറ്റാതെ അതുപോലെ നിലനിർത്തിക്കൊണ്ടാകണം ലാൻഡ്സ്കേപ് യഥാർത്ഥത്തിൽ ഡിസൈൻ ചെയ്യേണ്ടത്. വീടിന്റെ ഫസ്റ്റ്ആംഗിളിൽ നിന്നും നോക്കിയാൽ കാണുന്ന ഭാഗത്തുതന്നെ ഗേറ്റ് എൻട്രി വരുന്നതാണ് നല്ലത്. സാധാരണരീതിയിൽ മൂന്നുമീറ്റർ മുതലാണ് ഗേറ്റിനു വീതിനൽകാറുള്ളത്. താഴ്ചയുള്ള ഭൂമി ആണെങ്കിലും ഉയരത്തിലുള്ള ഭൂമിയാണെങ്കിലും വാഹനങ്ങൾ തടസ്സമില്ലാതെ കയറുവാനും ഇറങ്ങുവാനും സാധിക്കുന്ന എൻട്രി ആംഗിൾ ഗേറ്റ് ചെയുമ്പോൾ തന്നെ ശ്രദ്ധിക്കേണ്ടതുണ്ട്. വിശാലമായ പ്ലോട്ട് ആണെങ്കിൽ ഗേറ്റിലൂടെ വാഹനം കടന്നുവരുമ്പോളും നടന്നുവരുമ്പോളും വീടിന്റെ വ്യത്യസ്ത ആംഗിളുകൾ കാണുന്ന രൂപത്തിൽ എൻട്രിപാതകൾ കൊടുക്കാം. ഭൂമിയുടെ സ്വാഭാവികത താളംതെറ്റിക്കാതെ സൂക്ഷിക്കുന്നതോടൊപ്പം, അലങ്കാരപരമായ ലോണുകൾക്കുപകരം ഫംഗ്ഷണൽ ആയിട്ടുള്ള ലോണുകൾ കൊടുക്കുന്നതായിരിക്കും ഉചിതം. എന്നും നിലനിൽക്കുന്ന പുല്ലുകളും ചെടികളുമെല്ലാം വെച്ചുപിടിപ്പിച്ചാൽ ലാൻഡ്സ്കേപ്പിന്റെ മനോഹാരിത വർധിക്കുകയും ചെയ്യും. ആർട്ടിഫിഷ്യൽ ആയി കുന്നുകളും മലകളുമൊക്കെ ലാൻഡ്സ്കേപ്പിൽ ക്രമീകരിച്ചു ആ ഭാഗങ്ങളെ ഉപയോഗിക്കാൽ പറ്റാത്ത രീതിയിലാക്കുന്നതിനേക്കാൾ യാർഡ്നെ യൂട്ടിലൈസ് ചെയ്യാവുന്ന രീതിയിൽ ലെവെൽസ് ക്രമീകരിക്കുകയാണെങ്കിൽ ചെറിയ ഫംഗ്ഷനുകൾക്ക് ചെയറുകൾ അറേഞ്ച് ചെയ്യാനും ബുഫെകൗണ്ടറുകൾ ഒരുക്കാനുമൊക്കെ മറ്റൊരിടം അന്വേഷിക്കേണ്ട കാര്യമില്ല. ഗേറ്റ് വെക്കുമ്പോൾ വെഹിക്കിൽ ഗേറ്റും പെഡസ്ട്രിയൽ എൻട്രിയും വെവ്വേറെ കൊടുക്കാവുന്നതാണ്. പ്രൈവസി ആവശ്യമെങ്കിൽ ജെന്റ്സിനും ലേഡീസിനും വെവ്വേറെ പെഡസ്ട്രിയൽ എൻട്രി നേരെ ഫാമിലിയാർഡിലേക്കോ ഫാമിലി ലിവിംഗിലേക്കോ കണക്ട് ചെയ്തു കൊടുക്കാവുന്നതാണ്. ചുരുക്കത്തിൽ ഭൂമിയുടെ കിടപ്പിനനുസരിച്ചു, കൃത്രിമമല്ലാത്ത ഒരു ലാൻഡ്സ്കേപ്പിംഗ് ആണ് വീടിനേറ്റവും അനുയോജ്യം.

വാഹനം ഗേറ്റിൽ നിന്നും കടന്നു വീടിന്റെ പോർച്ചുവരെ എത്തുന്ന ഭാഗങ്ങളിൽ ഹാർഡ്സ്കേപിംഗ് നൽകാവുന്നതാണ്. നാചറൽ സ്റ്റോണുകൊണ്ടോ, ഇന്റർലോക്കിംഗ് ബ്രിക്സ്കൊണ്ടോ ഹാർഡ്സ്കേപിംഗ് ചെയ്യുമ്പോൾ വെള്ളം ഭൂമിയിലേക്ക് ഇറങ്ങാനുള്ള സ്പേസ് കാണേണ്ടത് അത്യാവശ്യമാണ്. വെള്ളം ഇറങ്ങി ചേമ്പർ ഹാളിലൂടെ മഴവെള്ള സ്റ്റോറേജിലേക്ക് വെള്ളം സംഭരിക്കുന്ന രീതിയിലാക്കാം. ലാൻഡ്സ്കേപ്പിന്റെ ഇടയിലുള്ള പുല്ലിനെയും ഹാർഡ് ലോണിനെയും വേർതിരിക്കുന്ന ഫെൻസിംഗ് സ്റ്റോണുകൾ നാലിഞ്ച് മുതൽ ആറിഞ്ച് വരെ ഉയരത്തിൽ ക്രമീകരിക്കാം. ഈ ഉയരം കംഫർട്ടായി ഒരാൾക്കു അടുത്തസ്റ്റെപ്പിലേക്ക് കയറാവുന്ന ഉയരമാണ്. ലെവൽ വ്യത്യാസത്തെ സാധാരണ നിലയിൽ നിലനിർത്താനും വാഹനങ്ങളുടെ ബോഡി ചുമരിലോ മതിലിലോ ഇടിക്കാതിരിക്കാനുമുള്ള പ്രൊട്ടക്ഷനും ഫെൻസിംഗ് നൽകുന്നു.

വെഹിക്കിൾ എൻട്രിയുടെ കാര്യത്തിൽ വിശാലമായ പ്ലോട്ട് ആണെങ്കിൽ കിച്ചണിന്റെ ഭാഗത്തേക്കുവരെ വാഹനങ്ങൾ വരാവുന്ന രീതിയിൽ സ്ഥലം കണ്ടാൽ വീട്ടിൽ ഫംഗ്ഷൻ ഉണ്ടാകു >

മ്പോൾ കിച്ചൺഭാഗത്തേക്ക് വരേണ്ട സാധനങ്ങളുടെ ലോഡിംഗും അൺലോഡിംഗും ഒരു വിഷയമേ ആവില്ല. ചെടികളോ മരങ്ങളോ വെച്ചുപിടിപ്പിക്കുമ്പോൾ അവ വളർന്നുവരുമ്പോൾ വേണ്ട സ്പേസുംകൂടി മനസ്സിൽക്കണ്ട് നിശ്ചിത അകാലത്തിൽ ചെയ്യണം. മരങ്ങൾ വെച്ചുപിടിപ്പിക്കുമ്പോൾ മുൻഗണന നൽകേണ്ടത് മാവ്, പ്ലാവ്, തെങ്ങ് പോലുള്ള നാടൻ മരങ്ങൾ ആണെങ്കിൽ നമുക്ക് തണലും ഫലങ്ങളും ലഭിക്കുന്നു. അവ വീടിന്റെ സ്വാഭാവിക ഭംഗി മറക്കാതെ തണൽ നൽകുന്നു. അതോടൊപ്പം ഗ്രീൻ എനർജി നൽകുന്ന മരങ്ങൾ വളരെ കുളുർമ നൽകുന്നു. ഗ്രീൻലോൺ ക്രമീകരിക്കുമ്പോൾ വീടിന്റെ സിറ്റൗട്ടിൽനിന്ന് നോക്കിയാൽ പോസിറ്റീവ് എനർജി കിട്ടുന്നരീതിയിൽ ചെയ്യേണ്ടതാണ്. വീടിനോടുചേർന്നു ഗ്രീൻ ലോൺ ചെയ്യുമ്പോൾ ഭൂമി ചൂടുവലിച്ചെടുത്ത് വീടിനു കുളുർമ നൽകുന്നു. വീടിന്റെ ചുമരിനെ പ്രൊട്ടക്ട് ചെയ്യുവാൻ ചുമരിനോടുചേർന്ന് ചെടികൾ വെച്ചുപിടിപ്പിച്ചാൽ ചുമരിൽ കൈവെച്ചുള്ള നടത്തം കുറക്കാം. പച്ചപ്പുകളിൽ തട്ടി ജനലുകളിലൂടെ അകത്തേക്കുവരുന്ന കാറ്റുനൽകുന്ന പോസിറ്റീവ് എനർജി ലഭിക്കാം. ഇന്നത്തെ കാലത്ത് വീടിന്റെ കോൺക്രീറ്റ് സ്ട്രെക്ചറിനേക്കാൾ ലാൻഡ്സ്കേപ്പിംഗിനു തന്നെയാണ് പ്രാധാന്യം നൽകേണ്ടത്. ഭൂമിക്കും അതിനോടുചേർന്നുള്ള മരങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ലാൻഡ്സ്കേപ്പിംഗ് വീടിനുകൂടെ പോസിറ്റീവ് എനർജി നൽകുന്നു.

പ്ലോട്ടിന്റെ മുൻവശത്തു കിണറിന്റെ സറൗണ്ടിങ്സ് വരുന്നുണ്ടെങ്കിൽ അതിനെ ഡെക്കറേറ്റീവ് എലമെന്റായി തിട്ടപ്പെടുത്തിയെടുക്കാം. ലാൻഡ്സ്കേപ്പിംഗിൽ ഹാർഡ്സ്കേപ്പിംഗിൽ ഉപയോഗിക്കുന്ന സ്റ്റോൺ, ആർട്ടിഫിഷ്യൽ ഇന്റർലോക്കിംഗ് ബ്രിക്സ് തുടങ്ങിയവ വീടിന്റെ എസ്റ്റീരിയർ കളറിനോട് ചേരുന്ന കളർ സ്കീമോ കോൺസെപ്റ്റ് ബസ്ചെയ്തുള്ള കളറോ നാചറലിനോട് ചേർന്ന് നിൽക്കുന്ന കളറോ നൽകണം.

എൻട്രൻസിൽ വീടിനെ മറക്കാത്ത ചെടികളാണ് വെച്ചുപിടിപ്പിക്കേണ്ടത്. പൊടി അധികംവരുന്ന പ്ലോട്ട് ആണെങ്കിൽ ഗ്രീൻ സ്ക്രീനിംഗ്, വെർട്ടിക്കൽ ഗാർഡൻ ഒക്കെ കൊണ്ടുവരാം. ശുദ്ധമായ കാറ്റും ശുദ്ധവായുവും കിട്ടണമെങ്കിൽ ധാരാളം ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കാം. പൊടിപടലങ്ങൾ കുറക്കാം. ലാൻഡ്സ്കേപ്പിംഗിൽ മാത്രം പ്രഗത്ഭരായ ഒരുപാട് ആർക്കിടെക്ട് കേരളത്തിലുണ്ട്. ലാൻഡ്സ്കേപ്പിൽ ലെവൽസിനു ആണ് പ്രാധാന്യം കൊടുക്കേണ്ടത്. ഗ്രേഡിംഗ് ലെവൽസ് ശരിയല്ലെങ്കിൽ ചെടികളുടെയും പുല്ലിന്റെയും ഇടയിൽ വെള്ളം നിന്ന് അവ ചീഞ്ഞുപോകാനുള്ള സാധ്യതയും ഉണ്ട്.



**ലാൻഡ്സ്കേപ്പിംഗിൽ മാത്രം പ്രഗത്ഭരായ ഒരുപാട് ആർക്കിടെക്ട് കേരളത്തിലുണ്ട്. ലാൻഡ്സ്കേപ്പിൽ ലെവൽസിനു ആണ് പ്രാധാന്യം കൊടുക്കേണ്ടത്. ഗ്രേഡിംഗ് ലെവൽസ് ശരിയല്ലെങ്കിൽ ചെടികളുടെയും പുല്ലിന്റെയും ഇടയിൽ വെള്ളം നിന്ന് അവ ചീഞ്ഞുപോകാനുള്ള സാധ്യതയും ഉണ്ട്.**

email: admin@nirmandesign.com
(ലേഖകൻ, മഞ്ചേരിയിലെ
നിർമാൺ ഡിസൈനേഴ്സ് ഡയറക്ടറാണ്.)